

# വിമല യുപി സ്കൂൾ മഞ്ഞുവയൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025– 2026

# ആമുഖം

(ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ, മനുഷ്യ വിഭവശേഷി മികച്ച അക്കാദമിക് പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ തരം വിഭവങ്ങൾ ആവശ്യമാണ്. പഠിതാക്കൾക്ക് സുരക്ഷിതവും സ്വതന്ത്രവും, ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. ഗുണപ്രദമായ പഠനസാഹചര്യം എല്ലാവർക്കും ഉറപ്പു വരുത്തണം.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖല വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഇതിന്റെ പ്രധാന ചാലക ശക്തിയാകേണ്ടത് പൊതു സമൂഹമാണ്. ഗുണമേന്മാവിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ ഫലപ്രദമായ നേതൃത്വത്തിനും മാനേജ്മെന്റിനും പ്രബലമായ പങ്കുണ്ട്. സർവ മേഖലകളിലും ഗുണമേന്മ നേടുവാൻ അധ്യാപകരെയും പഠിതാക്കളെയും സമൂഹത്തെയും ദിശാബോധം നൽകി നയിക്കണം ഇതിന് കരുത്തുറ്റ നേതൃത്വം വിദ്യാലയത്തിന് ആവശ്യമാണ്.

എല്ലാ കുട്ടികൾക്കും പഠിക്കാനും വികസിക്കാനും കഴിയും എന്ന ആശയമാണ് വിദ്യാഭ്യാസ സാർവത്രിക വത്കരണത്തിന്റെ അടിസ്ഥാനം. വിദ്യാർത്ഥി സൗഹൃദമായ പഠനാന്തരീക്ഷവും പഠനപരിസരവും വളർത്തിയെടുക്കാൻ അധ്യാപകർ, രക്ഷിതാക്കൾ പൊതുസമൂഹം എന്നിവരെയും സജ്ജമാക്കണം. കുട്ടി അഭിമുഖീകരിക്കുന്ന അക്കാദമികവും, വൈകാരികവും, വ്യക്തിപരവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടിയെ സഹായിക്കുകയെന്ന നിർണായകമായ ഉത്തരവാദിത്തം അധ്യാപകർക്കാണ്. പ്രതീക്ഷിത പഠനനേട്ടങ്ങൾ സാധ്യമാക്കുന്നതിനായി വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിൽ പരസ്പരം സഹവർത്തിച്ച് അറിവു നിർമ്മിക്കപ്പെടുന്ന ക്ലാസ്സ് മുറികളാണ് നമുക്കു വേണ്ടത്.)

കുട്ടികളുടെ അക്കാദമിക നിലവാരം ഉയരേണ്ടത് കാലഘട്ടത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ആവശ്യമാണ്. അക്കാദമിക നിലവാരം പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. അക്കാദമിക നിലവാരം ഉയരണമെങ്കിൽ ആദ്യമായി വേണ്ടത് അധ്യാപകരെ അധ്യാപകന്റെ ജോലിയായ പഠനബോധനതന്ത്രങ്ങൾ അവനവന്റെ രീതിയിൽ സ്വാതന്ത്ര്യത്തോടെ സിലബസ്സിനനുസൃതമായി ഒരുക്കുവാൻ സ്വാതന്ത്ര്യം നൽകലാണ്.)

തന്റെ കുട്ടികളെ അറിഞ്ഞ് സിലബസ്സിനെ അറിഞ്ഞ് തന്റേതായ രീതിയിൽ ഒരധ്യാപകൻ പഠനബോധന തന്ത്രങ്ങൾ ഒരുക്കിയാൽ മാത്രമേ അക്കാദമിക നിലവാരം ഉയരുകയുള്ളൂ. സ്കൂൾ എന്ന് പറഞ്ഞാൽ ഗുരുമുഖത്ത് നിന്ന് നേരിട്ട് കുട്ടികൾക്ക് അറിവ് ലഭിക്കുന്നതിന് സാഹചര്യം ഒരുക്കേണ്ട സ്ഥലമാണ്. ഈ വിലപ്പെട്ട സമയം അധ്യാപകൻ മറ്റ് പ്രവർത്തനങ്ങളിൽ (റെക്കോർഡുകൾ) അനാവശ്യ മീറ്റിംഗുകൾ, മേളകൾക്ക് ഒരുക്കൽ തുടങ്ങിയവ) ഏർപ്പെടേണ്ടി വന്നാൽ അക്കാദമിക നിലവാരം വേണ്ടത്ര ഉയരില്ല. അധ്യാപകന് തന്റെ ജോലി ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടായാലെ അക്കാദമിക നിലവാരം ഉയരുകയുള്ളൂ.

കോടഞ്ചേരി പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്തായി 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിമല യു.പി. സ്കൂൾ മഞ്ഞുവയൽ 1968 ജൂൺ മാസത്തിൽ പ്രവർത്തനമാരംഭിച്ചു. മലയോര പ്രദേശങ്ങളായ നെല്ലിപ്പൊയിൽ നാരങ്ങാതോട് എന്നിവിടങ്ങളിലെ കുടിയേറ്റ കർഷകരുടെ മക്കൾക്ക് ആദ്യകാലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും സൗകര്യമില്ലാതിരുന്ന സാഹചര്യത്തിൽ 1963-ൽ നെല്ലിപൊയിലിൽ ഒരു എൽ.പി. സ്കൂൾ ആരംഭിച്ചു. എന്നാൽ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന് കുട്ടികൾ ഏറെ കഷ്ടപ്പെടേണ്ടി വന്നു. തോടും പുഴയും കടന്ന് ആറേഴു കിലോമീറ്റർ താണ്ടിപ്പോകേണ്ടുന്ന അവസ്ഥ തുടർ വിദ്യാഭ്യാസത്തിനുള്ള സാധ്യതകളെ മുരടിപ്പിക്കുന്നതായിരുന്നു. പ്രദേശത്തെ വിദ്യാഭ്യാസ മേഖലയിലെ ഈ ക്ലേശങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടി അന്നത്തെ മഞ്ഞുവയൽ പള്ളി വികാരിയായിരുന്ന റവ.ഫാ. തോമസ് കൊച്ചുപറമ്പിൽ ഒരു യു.പി. സ്കൂളിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു. ബഹു. അച്ചന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ലക്ഷ്യം നേടാൻ സാധിച്ചു.

നാട്ടുകാരുടെ സഹകരണത്തോടെ ഒരു സ്കൂൾ കെട്ടിടം മാനേജുമെന്റ് നിർമ്മിക്കുകയും അതിൽ 5-ാം ക്ലാസ്സ് ആരംഭിക്കുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിലായി 6, 7 ക്ലാസ്സ് ആരംഭിക്കുകയും ചെയ്തു. ഈ വിദ്യാലയത്തിലെ ആദ്യത്തെ പ്രധാനാധ്യാപികയായി ശ്രീമതി. എൻ. എ. മേരി ടീച്ചറും തുടർന്ന് കുറച്ചുകാലം ശ്രീ. കെ.റ്റി. സ്റ്റീഫൻ സാറും സേവനമനുഷ്ഠിച്ചു. തുടർന്ന് ശ്രീ. വർക്കി എബ്രഹാം ഹെഡ്മാസ്റ്ററായി നിയമിതനായി. 1974ൽ അദ്ദേഹം സ്ഥലം മാറിപ്പോവുകയും ശ്രീ.പി.റ്റി അഗസ്റ്റിൻ ഹെഡ്മാസ്റ്ററായി ചാർജ്ജെടുക്കുകയും ചെയ്തു. ശ്രീമതി. [illegible] ഈ വിദ്യാലയത്തിലെ ഇപ്പോഴത്തെ പ്രധാനാധ്യാപികയാണ്.

ആദ്യകാലം മുതൽക്കെ ഈ വിദ്യാലയത്തിലെ കുട്ടികൾ കലാകായിക രംഗങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇവിടെ പഠിച്ചുപോയ കുട്ടികളിൽ പലരും ഡോക്ടർ, എഞ്ചിനീയർ. അധ്യാപകർ, വൈദികർ, സന്യാസിനിമാർ എന്നീ നിലകളിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്നു. ഇവിടെ ആദ്യകാലത്ത് ഉണ്ടായിരുന്ന അധ്യാപകരിൽ പലരും സ്ഥലം മാറിപ്പോവുകയും ഇവിടെ നിന്നു തന്നെ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. 5,6,7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |

**സംസ്കൃതം**

**അക്കാദമിക്ക് മാസ്റ്റർപ്ലാൻ**

**ക്ലാസ് - 5, 6, 7**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge. | June | English Teachers | English Club |
| To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text. | July | | |
| | After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | | | |

| | | | | |
|---|---|---|---|---|
| | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage. | August-December | English Teachers | English Club |
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays. Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches. Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | January - February | | |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities**: | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts.**<br><br>**To create their own poems, stories, dictionary etc and present it to the class.** | | **English Teachers** | **English Club** |
| **Differentiation and Support**: | **Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | | |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing. | | English Teacher | English Club |
| | Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teachers & PTA Members & parents | |

## ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ ..............................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള ... സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠേം ആഗെ ബഢേം**<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്**<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർ ഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ : അറബിക് പഠനം (അപ്പർ പ്രൈമറി)

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ, യു.പി വിഭാഗത്തിലെ കുട്ടികളുടെ അറബിക് പഠനം മെച്ചപ്പെടുത്തുന്നതിനും വിദ്യാർഥികളിൽ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ഊന്നൽ നൽകുന്നു. കുട്ടികൾക്ക് അറബി ഭാഷ പഠിക്കുന്നതിലെ വെല്ലുവിളികൾ മനസിലാക്കുകയും അവയെ മറികടക്കാൻ പ്രായോഗികവും ഫലപ്രദവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**പ്രശ്നവിശകലനം** : അറബിക് പഠനത്തിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്:

- അക്ഷരമാലയും ഉച്ചാരണവും: അറബി അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും ശരിയായി ഉച്ചരിക്കുന്നതിനും ബുദ്ധിമുട്ട്.
- വായനയും എഴുത്തും : വാക്കുകളും വാക്യങ്ങളും വേഗത്തിൽ വായിക്കാനും ശരിയായി എഴുതാനും കഴിയാതെ വരുന്നത്.
- പദസമ്പത്ത് കുറവ്: ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും ശൈലികളും അറിയായ്ക.
- വ്യാകരണത്തിലെ സങ്കീർണ്ണത : അറബി വ്യാകരണ നിയമങ്ങൾമനസ്സിലാക്കുന്നതിലുള്ള ബുദ്ധിമുട്ട്
- സംസാരശേഷി കുറവ് : അറബിയിൽ സംസാരിക്കാനും സംഭാഷണങ്ങളിൽ ഏർപ്പെടാനുമുള്ള ഭയം അല്ലെങ്കിൽ കഴിവില്ലായ്മ.
- പഠന താല്പര്യമില്ലായ്മ : അറബി ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കാത്തതിനാൽ പഠനത്തോട് താല്പര്യം കാണിക്കായ്ക.
- പഠന സാമഗ്രികളുടെ ലഭ്യതക്കുറവ് : ആകർഷകമായ പഠന സാമഗ്രികളുടെയും പുസ്തകങ്ങളുടെയും ലഭ്യതക്കുറവ്.

**ലക്ഷ്യങ്ങൾ** : മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെ അടിസ്ഥാനമാക്കി താഴെ പറയുന്ന ലക്ഷ്യങ്ങൾ നിർവചിക്കുന്നു:

- അറബി അക്ഷരമാലയും അവയുടെ ഉച്ചാരണവും വ്യക്തമായി മനസ്സിലാക്കുക.
- ലളിതമായ അറബി വാക്കുകളും വാക്യങ്ങളും തെറ്റുകൂടാതെ വായിക്കാനും എഴുതാനും പഠിക്കുക.
- അടിസ്ഥാനപരമായ അറബി പദസമ്പത്ത് വർദ്ധിപ്പിക്കുക.
- പ്രാഥമിക അറബി വ്യാകരണ നിയമങ്ങൾ പരിചയപ്പെടുത്തുക.
- ലളിതമായ സംഭാഷണങ്ങളിൽ അറബി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക.
- അറബി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക.
- നൂതന പഠന സാമഗ്രികൾ ഉപയോഗിച്ച് പഠനം കൂടുതൽ ആകർഷകമാക്കുക.

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ഉപപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| അക്ഷരമാലയും ഉച്ചാരണവും | അക്ഷരമാലയും ഉച്ചാരണവും വ്യക്തമാക്കുക | അക്ഷരമാല പരിശീലനം | • ഓഡിയോ വിഷ്വൽ പഠനം (ഫ്ലാഷ് കാർഡുകൾ, വീഡിയോകൾ<br>• ഓരോ അക്ഷരവും ശരിയായ ഉച്ചാരണത്തോടെ ആവർത്തിച്ച് പഠിപ്പിക്കുക.<br>• അക്ഷരങ്ങൾ ഉപയോഗിച്ച് ലളിതമായ വാക്കുകൾ നിർമ്മിക്കാൻ പഠിപ്പിക്കുക | ജൂൺ - ജൂലൈ | അധ്യാപകൻ |
| വായനയും എഴുത്തും | വാക്കുകളും വാക്യങ്ങളും വായിക്കാനും എഴുതാനും | വായന ക്ലബും എഴുത്ത് പരിശീലനവും | • ചെറിയ കഥകൾ വായിക്കുക.<br>• അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വാക്കുകളും വാക്യങ്ങളും എഴുതാൻ പരിശീലനം | ആഗസ്റ്റ് - സെപ്തംബർ | അധ്യാപകൻ |
| പദസമ്പത്ത് കുറവ് | അടിസ്ഥാന പദമായ പദസമ്പത്ത് വർദ്ധിപ്പിക്കുക | എന്റെ വാക്കിന്റെ ലോകം | • ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിചയപ്പെടുത്തുക.<br>• വാക്കുകൾ ചിത്രങ്ങളുമായി ബന്ധപ്പെടുത്തി പഠിപ്പിക്കുക.<br>• ചെറിയ വാക്യങ്ങളിൽ വാക്കുകൾ മാറ്റി ഉപയോഗിച്ച് പരിശീലനം. | ഒക്ടോബർ - നവംബർ | അധ്യാപകൻ |
| വ്യാകരണത്തിലെ സങ്കീർണ്ണത | പ്രാഥമിക നിയമങ്ങൾ പരിചയപ്പെടുത്തുക | അറബി വ്യാകരണ കളികൾ | • ലളിതമായ അറബി വ്യാകരണ നിയമങ്ങൾ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പഠിപ്പിക്കുക.<br>• ചെറിയ വ്യാകരണ ക്വിസ്സുകൾ നടത്തുക. | ഡിസംബർ - ജനുവരി | അധ്യാപകൻ |
| സംസാരശേഷി കുറവ് | ലളിതമായ സംഭാഷണങ്ങളിൽ അറബി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക. | അറബിക് സംഭാഷണ സമയം | • ദൈനംദിന വിഷയങ്ങളെക്കുറിച്ച് ലളിതമായ സംഭാഷണങ്ങൾ നടത്താൻ പ്രോത്സാഹിപ്പിക്കുക.<br>• ചെറു സ്കിറ്റുകൾ അവതരിപ്പിക്കുക.<br>• അറബി പാട്ടുകൾ പഠിപ്പിക്കുക | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ |
| പഠന താല്പര്യമില്ലായ്മ | അറബി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക. | അറബിക് ദിനം/അറബിക് ഫെസ്റ്റ് | • അറബി സംസ്കാരത്തെയും പൈതൃകത്തെയും പരിചയപ്പെടുത്തുക.<br>• പ്രസംഗമത്സരങ്ങൾ, കലാപരിപാടികൾ, ക്വിസ്സുകൾ എന്നിവ സംഘടിപ്പിക്കുക. | ഏപ്രിൽ | അധ്യാപകൻ |
| പഠന സാമഗ്രികളുടെയും ഡിജിറ്റൽ സാധ്യതകളുടെയും ലഭ്യതക്കുറവ് | നൂതന പഠന സാമഗ്രികൾ ഉപയോഗിച്ച് പഠനം കൂടുതൽ ആകർഷകമാക്കുക. | പഠന സാമഗ്രികൾ ഫലപ്രദമായി ഉപയോഗിക്കുക. | • അറബിക് പഠന ആപ്പുകൾ, വെബ്സൈറ്റുകൾ എന്നിവ പരിചയപ്പെടുത്തുക.<br>• സ്മാർട്ട് ക്ലാസ് റൂം ഉപയോഗിച്ച് പഠനം കൂടുതൽ എളുപ്പമാക്കുക. | വർഷം മുഴുവൻ | പി.ടി.എ |
| പഠന പുരോഗതിയുടെ വിലയിരുത്തൽ | കുട്ടികളുടെ പഠന പുരോഗതി കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക. | നിരന്തര മൂല്യനിർണ്ണയം | • ഓരോ യൂണിറ്റുകളും പൂർത്തിയാകുന്ന മുറക്ക് യൂണിറ്റ് പരീക്ഷകൾ നടത്തുക.<br>• കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വിവരണങ്ങൾ എഴുതിപ്പിക്കുക.<br>• കുട്ടികൾക്ക് അവരുടെ പഠനത്തെക്കുറിച്ച് കൃത്യമായ ഫീഡ്ബാക്ക് നൽകുക | വർഷം മുഴുവൻ | അധ്യാപകൻ |

ഈ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലൂടെ അപ്പർ പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്ക് അറബി ഭാഷയെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനും അതിൽ പ്രാവീണ്യം നേടാനും സാധിക്കും. ഈ പദ്ധതിയുടെ വിജയത്തിന് അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ ശ്രമം ആവശ്യമാണ്.

അടിസ്ഥാനശാസ്ത്രം

വിവിധ ശാസ്ത്രവിഭാഗങ്ങളുടെ അടിസ്ഥാനപരമായ

അറിവുകൾ ഉൾക്കൊള്ളുന്ന ഒരു പഠന വിഷയമാണ് അടിസ്ഥാനശാസ് ത്രം.

പ്രകൃതിയെ മനസ്സിലാക്കുക
അനുഭവങ്ങളിൽ നിന്നും വളരുക.

: ശാസ്ത്രീയചിന്താഗതി വളർത്തുക.

ദിനചര്യകളിൽ ശാസ്ത എങ്ങനെ പ്രയോജന -പ്പെടുന്നു എന്ന് മനസ്സിലാക്കുക.

. ഒരു ഉത്തമ പൗരനായി വളരാൻ സഹായിക്കുക.

തുടങ്ങിയവയാണ് 5, 6, 7 ക്ലാസുകളിലെ

"അടിസ്ഥാനശാസ്ത്ര പാഠപുസ്തകത്തിന്റെയും ഈ മാസ്റ്റർ പ്ലാനിന്റെയും ലക്ഷ്യങ്ങൾ .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൺകെട്ട് - സമൂഹത്തിലെയും കുട്ടികൾക്കിടയിലും ഉള്ള അന്ധവിശ്വാസങ്ങളും മിഥ്യാധാരണകളും ശാസ്ത്രത്തിന്റെ സഹായത്തോടുകൂടി അന്ധവിശ്വാസങ്ങളും മിഥ്യാധാരണകളും ശാസ്ത്രത്തിന്റെ സഹായത്തോടുകൂടി തുടച്ചുനീക്കുക | ലഘുപരീക്ഷണങ്ങളിലൂടെ ജല മാജിക്കുകൾ കുട്ടികൾ തന്നെ സഹപാഠികൾക്ക് മുമ്പിൽ കാണിച്ചുകൊടുക്കുകയും അതിന് പിന്നിലുള്ള തത്വം വിശദീകരിച്ച് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| ആയുർ ആരോഗ്യം<br>ശുചിത്വ ശീലങ്ങൾ വളർത്തുക<br>ആരോഗ്യപരിപാലനം<br>പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക | ക്ലീൻ ക്ലാസ് റൂമിനെ തെരഞ്ഞെടുത്ത സമ്മാനം നൽകുന്ന<br><br>ബോധവൽക്കരണ ക്ലാസ്<br><br>തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ<br><br>പ്ലാസ്റ്റിക് നിരോധനം | അക്കാദമിക വർഷം<br><br>അക്കാദമിക വർഷത്തിലൊരിക്കൽ<br><br>ജൂൺ 5<br><br>അക്കാദമിക വർഷം | hm<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ്ബ് |
| ശാസ്ത്രലോകത്തേക്ക്<br>കൗതുകം വിജ്ഞാസ നിരീക്ഷണ പാഠവുംഅന്വേഷണം ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനും കണ്ടെത്തലുകൾഅന്വേഷണം ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനും കണ്ടെത്തലുകൾ നടത്താനുമുള്ള ശേഷി നേടുക. | അക്കാദമിക വർഷത്തിൽ ഒരിക്കൽ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കുവാ അവസരം നൽകുന്നു<br><br>ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒരിക്കൽ<br><br>അക്കാദമിക വർഷത്തിൽ ഒരിക്കൽ | സയൻസ് അധ്യാപകർ<br><br>സയൻസ് ക്ലബ് |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 **ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |